LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. നിയമനം

155 (540) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി. മാരെ നിയമിക്കുന്നതിനുള്ള പൊതു നിബന്ധനകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.മാരുടെ നിയമനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയ്ക്കും സ്വഭാവത്തിനുമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത, അഭികാമ്യ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സഹിതം പ്രസ്തുത തസ്തികയിലേയ്ക്ക് അനുയോജ്യരായവരെ തെരഞ്ഞെടുത്ത് നൽകുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിനോട് (KPESB) അഭ്യർത്ഥിക്കുകയും അതിൻപ്രകാരം KPESB-യുടെ വെബ്സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും പത്രമാധ്യമങ്ങൾ വഴി വ്യാപക പ്രചാരണം നൽകിക്കൊണ്ട് യോഗ്യരായവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി, ഇന്റർവ്യൂ നടത്തി നിയമനത്തിന് അനുയോജ്യരായവരെ സംബന്ധിച്ച വിവരം സർക്കാരിൽ സമർപ്പിക്കുന്നു. വിജിലൻസ് ക്ലിയറൻസ് ലഭിച്ചതിനുശേഷം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിച്ച എം.ഡി.-മാരുടെ നിയമന രീതി നിബന്ധനകൾക്ക് വിധേയമാണോ എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. തസ്തികകളിൽ വന്ന ഒഴിവുകളിൽ നിയമനം നടത്തിയിട്ടില്ല. ചില ഒഴിവുകളിൽ അധിക ചുമതല മാത്രമാണ് നൽകിയിട്ടുള്ളത്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് KPESB മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

156 (541) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സ്വകാര്യവൽക്കരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതെന്ന്